## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1295

13 /12/2012 -ൽ
മറുപടിക്ക്

### സബ്സിഡി ഭക്ഷ്യ സാധനങ്ങൾ

ചോദ്യം

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

ഉത്തരം

**ശ്രീ. അനൂപ് ജേക്കബ്.**
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) ജനങ്ങളെ വിലക്കയറ്റത്തിൽ നിന്നും രക്ഷിക്കുന്നതിന് ഭക്ഷ്യ പൊതുവിതരണ രംഗത്ത് എന്തെല്ലാം സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എ) റേഷൻകടകൾ വഴി ബി.പി.എൽ./എ.എ.വൈ. വിഭാഗങ്ങൾക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിലും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട സബ്സിഡിക്ക് അർഹരായ കുടുംബങ്ങൾക്ക് 2/- രൂപ നിരക്കിലും അരിയും ഗോതമ്പും വിതരണം ചെയ്യുന്നത് പൊതു വിപണി യിലെ വില നിലവാരം നിയന്ത്രിക്കുന്നതിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. കൂടാതെ, വില നിലവാരം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ നേതൃത്വത്തിൽ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ എന്നിവ വഴി നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്തു വരുന്നു. അരി വില നിയന്ത്രിക്കുന്നതിനു വേണ്ടി "അരിക്കട" എന്ന പദ്ധതി പ്രകാരം മട്ട, കുറുവ,ജയ, പച്ചരി, എന്നിവ യഥാക്രമം 16 രൂപ,19 രൂപ, 21 രൂപ,16 രൂപ എന്നീ വിലകളിൽ പ്രതിമാസം കാർഡ് ഒന്നിന് 20 കി.ഗ്രാം വീതം പൊതു ജനങ്ങൾക്കു 1289 മാവേലി/ സൂപ്പർമാർക്കറ്റ് വഴി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ 13 ഇനം അവശ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ ഏകദേശം 50% വരെ വില കുറവിൽ ലഭ്യമാക്കുന്നുണ്ട്. ഇതിന് പുറമേ മറ്റ് നിത്യോപയോഗ സാധനങ്ങളും FMCG വസ്തുക്കളും വിപണി വിലയേക്കാൾ ഏകദേശം 10 മുതൽ 15 ശതമാനം വരെ വിലകുറവിൽ ഉപഭോക്താക്കൾക്ക് നൽകി വരുന്നു.

ബി) എ.പി.എൽ.,ബി.പി.എൽ. വിഭാഗ ങ്ങളിൽപ്പെട്ടവർക്ക് എന്തെല്ലാം ഭക്ഷ്യ വസ്തുക്കൾ റേഷൻകടകൾ, മാവേലി സ്റ്റോറുകൾ, എന്നിവ വഴി വിതരണം ചെയ്യുന്നുണ്ട്;

(ബി) സംസ്ഥാനത്തെ റേഷൻ കടകൾ വഴി ബി.പി.എൽ/എ.എ.വൈ. വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് ഉടമകൾക്ക് പ്രതിമാസം യഥാക്രമം 35 കിലോ 25 കിലോ അരി വീതം കിലോയ്ക്ക് ഒരു രൂപ നിരക്കിലും ബി.പി.എൽ. കാർഡുകൾക്ക് 2/- രൂപ നിരക്കിൽ 5 കിലോ ഗോതമ്പും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട 42 ലക്ഷത്തോളം പേർക്ക് 2/- രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്തു വരുന്നു. കൂടാതെ, എല്ലാ എ.എ.വൈ./ ബി.പി.എൽ./ കാർഡിലുൾപ്പെടുന്ന ഓരോ അംഗത്തിനും പ്രതിമാസം 400 ഗ്രാം പഞ്ചസാര വീതം ഒരു കിലോയ്ക്ക് 13.50 രൂപ നിരക്കിൽ റേഷൻകടകൾ വഴി വിതരണം ചെയ്തു വരുന്നു. ഉത്സവ സീസണുകളിൽ എ.പി.എൽ. കാർഡുകാർക്കും ഇതേ വിലയിൽ പഞ്ചസാര വിതരണം ചെയ്യാറുണ്ട്. 2012 ഓണം/റംസാൻ കാലഘട്ടത്തിൽ എല്ലാ എ.പി.എൽ./ബി.പി. എൽ./എ.എ.വൈ. കാർഡുടമകൾക്കും 1 കി.ഗ്രാം വീതം സ്പെഷ്യൽ പഞ്ചസാര കിലോക്ക് 13.50 രൂപ നിരക്കിൽ വിതരണം ചെയ്തിരുന്നു. കൂടാതെ ഓണക്കാലത്ത് ഓ.എം.എസ്.എസ്. നിരക്കിൽ 60000 മെ.ടൺ അരിയും 30000 മെ.ടൺ ഗോതമ്പും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി സംസ്ഥാനത്തെ എല്ലാ എ.എ.വൈ./ ബി.പി.എൽ. കാർഡുടമകൾക്കും 2 കി.ഗ്രാം അരി, ½ കി.ഗ്രാം പഞ്ചസാര, 200 ഗ്രാം തേയില, 250 ഗ്രാം മുളക് എന്നീ അവശ്യ വസ്തുക്കളടങ്ങിയ സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്തിരുന്നു. കൂടാതെ എ.പി.എൽ./ ബി.പി.എൽ. വിഭാഗങ്ങളിൽപ്പെട്ട എല്ലാവർക്കും 13 ഇനം അവശ്യസാധനങ്ങൾ മാവേലി സ്റ്റോറുകൾ വഴി റേഷൻ കാർഡ് മുഖേന നൽകുന്നു. ഇതിനുപുറമേ "ശബരി" സാധനങ്ങളും FMCG സാധനങ്ങളും വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നു. മട്ട, കുറുവ, ജയ, പച്ചരി, എന്നിവ യഥാക്രമം 16, 19, 21, 16 എന്നീ വിലകളിൽ മാസം 20 കിലോഗ്രാം (എല്ലാ ഇനങ്ങളും ഉൾപ്പെടെ) വീതം വിതരണം നടത്തുന്നുണ്ട്.

| | | | |
|---|---|---|---|
| സി) | സബ്സിഡി ഭക്ഷ്യ സാധനങ്ങൾ അർഹരായവർക്ക് കൃത്യമായ അളവിൽ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം സംവിധാനം പുതുതായി ഏർപ്പെടുത്തുന്നു എന്ന് വ്യക്തമാക്കുമോ? | (സി) | സബ്സിഡി ഭക്ഷ്യധാന്യങ്ങൾ അർഹരായവർക്ക് കൃത്യമായ അളവിൽ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിലേക്ക് സബ്സിഡി തുക നേരിട്ട് കാർഡ് ഉടമകളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നു. കൂടാതെ സപ്ലൈകോ മുഖേന നൽകുന്ന സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിന് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ അവയുടെ വിതരണം റേഷൻ കാർഡ് മുഖേന നിയന്ത്രിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ